പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1300

05.03.2020-ൽ മറുപടിക്ക്

## പയ്യന്നൂരിലെ ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ കേന്ദ്രത്തിൽ ഡിഗ്രി കോഴ്സുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ പയ്യന്നൂർ ഉത്തരമേഖലാ കേന്ദ്രത്തിൽ ഡിഗ്രി കോഴ്സുകൾ എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) | ഫിഷറീസ് കോഴ്സുകൾ ICAR ന്റെ നിബന്ധനകൾക്ക് വിധേയമായാണ് നടത്തപ്പെടുന്നത്. അക്രഡിറ്റേഷൻ ആവശ്യമായ ഭൗതീക സൗകര്യങ്ങളും ICAR നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപക തസ്തികയും ലഭ്യമാകുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്. |
| (ബി) | ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ഉത്തരമേഖലാ കേന്ദ്രമായ പയ്യന്നൂരിൽ കോളേജ് തുടങ്ങുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ? | (ബി) | സർവകലാശാല ഗവേണിംഗ് കൗൺസിലിന്റെ ഉപസമിതി, പയ്യന്നൂർ എം.എൽ.എ എന്നിവരടക്കമുള്ളവർ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി 5.0935 ഹെക്ടർ വരുന്ന പയ്യന്നൂർ താലൂക്കിലെ കൊറോം വില്ലേജിലെ റീസർവ്വെ നമ്പർ - 33/1 & 32/1 സർക്കാർ പുറംപോക്ക് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റം ചെയ്ത് സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുന്നതിനായി ഫയൽ റവന്യൂ വകുപ്പിലേക്കയച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ